# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## സാന്നിധ്യം - കെ.വി. മോഹൻകുമാർ. ഐ.എ.എസ്

വിഷയം: പൊതു. വിദ്യാഭ്യാസം - ജീവനം – ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.07.2016- ലെ ഒ.എ.1372/2016 നം. ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

വായന:- 1) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.07.2016- ലെ ഒ.എ.1372/2016 നം. ഉത്തരവ്
2) ഈ ആഫീസിലെ 26.06.2016- ലെ ഡി5/13000/2016 നം.നടപടി ഉത്തരവ്
3) പൊതു. വിദ്യാഭ്യാസ ഡയറക്ടറുടെ 15.06.2016 ലെ ഡി6/76800/2015 ഡി.പി.ഐ നമ്പർ വിജ്ഞാപനം
4) 11.07.2016- ലെ ഈ ആഫീസിലെ ഡി5/42154/2016 ഡി.പി.ഐ നം. കത്ത്
5) 05.08.2016 – ന് പൊതു. വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വച്ച് നടന്ന വ്യക്തിഗത കൂടിക്കാഴ്ച

**ഉത്തരവ് നമ്പർ ഡി5/42154/2016/ഡി.പി.ഐ.തീയതി 05/08/2016**

വായന (3)പ്രകാരം ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മറ്റി അംഗീകരിച്ച വിജ്ഞാപനം അനുസരിച്ചുള്ള സെലക്ടറ്റ് ലിസ്റ്റിൽ ഉൾപ്പെട്ട പഞ്ചായത്ത് ഹൈസ്കൂളുകളിലെ എട്ട് എച്ച്.എസ്.എ മാരെ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്റർമാരായി വായന (2) പ്രകാരം നിയമിച്ചിരുന്നു.

വായന 3 പ്രകാരമുള്ള വിജ്ഞാപനത്തിലെ സെലക്ടറ്റ് ലിസ്റ്റിലെ ക്രമ നം. 3 ആയും റാങ്ക് നം. 76 വുമായ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളുകളിലെ എച്ച്.എസ്.എ ആയ ശ്രീ. ജി. സെബാസ്റ്റ്യനെ ഹെഡ്മാസ്റ്ററായി സ്ഥാനക്കയറ്റം നൽകി റ്റി.സി.എൻ. എം.ജി.എച്ച്.എസ് നെടുമ്പാറയിലും, ടി സെലക്ടറ്റ് ലിസ്റ്റിലെ ക്രമ നം. 7 ആയും റാങ്ക് നം. 129 വുമായ വണ്ടിപ്പെരിയാൽ പഞ്ചായത്ത് ഹൈസ്കൂളുകളിലെ എച്ച്.എസ്.എ ആയ ശ്രീമതി. എസ്.ജെർമിലിനെ ഹെഡ്മിസ്ട്രസ്സായി ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിലും വായന (2) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു.

വായന (2) പ്രകാരമുള്ള ഉത്തരവിനെതിരെ ശ്രീ. ജി. സെബാസ്റ്റ്യൻ (എച്ച്.എസ്.എ, ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ഒ.എ.നം. 1372/2016 എന്ന നമ്പരിൽ പരാതി ഫയൽ ചെയ്യുകയും ചെയ്തു. ശ്രീ. ജി. സെബാസ്റ്റ്യനെ പഞ്ചായത്ത് ഹൈസ്കൂൾ ആദിച്ചനെല്ലൂരിൽതന്നെ സ്ഥാനക്കയറ്റം നൽകി നിയമിക്കണമെന്നതാണ് ആവശ്യം. അതാത് സ്കൂളിൽതന്നെ ജോലി ചെയ്യുന്ന എച്ച്.എസ്.എ -മാരെ അതാത് സ്കൂളിൽ തന്നെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കീഴ്വഴക്കം ഇല്ലാത്തതിനാലാണ് ശ്രീ. ജി. സെബാസ്റ്റ്യനെ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്ററായി ഉത്തരവ് നൽകാതിരുന്നത്.

വായന 2 പ്രകാരമുള്ള ഉത്തരവിന്റെ പിൻബലത്തിൽ പഞ്ചായത്ത് ഹൈസ്കൂൾ വണ്ടിപ്പെരിയാറിലെ എച്ച്.എസ്.എ ആയ ശ്രീമതി. എസ്.ജെർമിലിൻ 22.06.2016- ൽ ഹെഡ്മിസ്ട്രസ്സായി ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ ജോലിയിൽ പ്രവേശിച്ചു.

വായന 1 പ്രകാരമുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26.07.2016 – ലെ ഉത്തരവ് പ്രകാരം വായന 4 പ്രകാരം 2-ാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 10 ദിവസത്തിനകം ടി വിഷയത്തിൽ സൗഹാർദ്ദപരമായ തീരുമാനമെടുക്കുവാൻ 2-ാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ബഹു: കോടതി നിർദ്ദേശം നൽകിയിരുന്നു.

ടി വിഷയത്തിൻമേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് 05.08.2016, 11.30- ന് വിശദമായ വ്യക്തിഗത കൂടിക്കാഴ്ച നടത്തുകയുണ്ടായി. ടി വ്യക്തിഗത കൂടിക്കാഴ്ചയിൽ 1) ശ്രീ. ജി. സെബാസ്റ്റ്യൻ (എച്ച്.എസ്.എ, പഞ്ചായത്ത് ഹൈസ്കൂൾ ആദിച്ചനെല്ലൂർ) 2) ശ്രീമതി. എസ്.ജെർമിലിൻ(ഹെഡ്മിസ്ട്രസ്സ് ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ) 3) ശ്രീമതി. ആന്റണി ചിന്നമ്മാൾ (ഹെഡ്മിസ്ട്രസ്സ് പഞ്ചായത്ത് ഹൈസ്കൂൾ, പത്തിയൂർ) എന്നിവർ പങ്കെടുത്തു.

ശ്രീമതി. എസ്.ജെർമിലിനെ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ നിന്ന് സ്ഥലംമാറ്റരുതെന്ന് രേഖാമൂലം ഹിയറിംഗിൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി. ആന്റണി ചിന്നമ്മാളും പത്തിയൂർ പഞ്ചായത്ത് ഹൈസ്കൂളിൽ നിന്ന് തന്നെ സ്ഥലംമാറ്റരുതെന്ന് ഹിയറിംഗിൽ രേഖാമൂലം സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ട്. ശ്രീ. ജി. സെബാസ്റ്റ്യൻ Chronic Myeloid Leukemia എന്ന രോഗാവസ്ഥയിലാണെന്നും, എട്ട് വർഷമായി റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരത്തെ ചികിത്സയിലാണെന്നും, ആയതിനാൽ എനിക്ക് സ്ഥാനക്കയറ്റം നൽകി ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായി നിയമിക്കണമെന്ന് കൂടിക്കാഴ്ചയിൽ അഭ്യർത്ഥിക്കുകയുണ്ടായി. അതോടൊപ്പം ചികിത്സയ്ക്ക് ആധാരമായ രേഖകൾ സമർപ്പിക്കുകയും ചെയ്തു.

കൂടിക്കാഴചയിൽ ഉന്നയിച്ച വാദങ്ങളുടെയും, സ്റ്റേറ്റ്മെന്റ്കളുടേയും സീനിയോറിറ്റി ലിസ്റ്റിന്റേയും അടിസ്ഥാനത്തിൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വായന 1 പ്രകാരമുള്ള ഉത്തരവിന്റെ പിൻബലത്തിലും ടി വിഷയം വിശദമായി പരിശോധിച്ചു.

ഈ സാഹചര്യത്തിൽ വായന 3 പ്രകാരമുള്ള വിജ്ഞാപനത്തിലെ ക്രമ നം. 3 ആയും റാങ്ക് നം. 76 വുമായ ശ്രീ. ജി. സെബാസ്റ്റ്യൻ സീനിയറായ എച്ച്.എസ്.എ ആയതിനാലും ടി യാൾ Chronic Myeloid Leukemia എന്ന ഗുരുതര രോഗത്തിന് ചികിത്സ

തുടരുന്ന സാഹചര്യത്തിലും യാത്ര ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിയും മാനുഷിക പരിഗണന നൽകി ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂളിൽ സ്ഥാനക്കയറ്റം നൽകി ഹെഡ്മാസ്റ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇപ്പോൾ ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സായ ശ്രീമതി. എസ്. ജെർമിലിനെ റ്റി.സി.എൻ. എം.ജി.എച്ച്.എസ് നെടുമ്പാറയിലേക്ക് സ്ഥലംമാറ്റിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

വായന (1) പ്രകാരമുള്ള ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇത്തരത്തിൽ നടപ്പാക്കി ഉത്തരവാകുന്നു.

**കെ.വി. മോഹൻകുമാർ. ഐ.എ.എസ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താവ്:-**

1. അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം)
   വഞ്ചിയൂർ, കേരള, തിരുവനന്തപുരം.
2. ശ്രീ. ജി. സെബാസ്റ്റ്യൻ , എച്ച്.എസ്.എ
   ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ
3. ശ്രീമതി. എസ്.ജെർമിലിൻ
   ഹെഡ്മിസ്ട്രസ്സ്, ആദിച്ചനെല്ലൂർ പഞ്ചായത്ത് ഹൈസ്കൂൾ
4. **ഹെഡ്മാസ്റ്റർ,**
   റ്റി.സി.എൻ. എം.ജി.എച്ച്.എസ് നെടുമ്പാറ
5. വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം
6. ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം. ( ആമുഖ കത്ത് സഹിതം)
8. കരുതൽ ഫയൽ